(സി) ഉണ്ട്.

(ഡി) 56 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. പോലീസ് വകുപ്പിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് പരിശീലനം നൽകുന്നത്. ഇതിനു വേണ്ടി പ്രത്യേകചെലവ് വരുന്നില്ല.

(ഇ) ഉയർന്ന ഭീഷണിയുള്ള വി.ഐ.പി.കളുടെ പ്രത്യേക സുരക്ഷാ ഡ്യൂട്ടിയ്ക്കായി നിയോഗിച്ചുവരുന്നു.

(എഫ്) ഇല്ല.

(ജി) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയുടെ ഗേറ്റ് അർദ്ധ രാത്രിയിൽ ഇടിച്ചുതകർത്ത് സ്കൂട്ടർ യാത്രികൻ അകത്തുകടന്നതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 20.9.1999ന് രാത്രി 1.15 മണിയ്ക്ക് കന്റോൺമെന്റ് ഹൗസിനു മുൻവശം ഗേറ്റിൽ ഒരാൾ സ്കൂട്ടർ അപകടത്തിൽപ്പെട്ടു കിടക്കുന്നതായി പോലീസ് കൺട്രോൾ റൂമിൽ ബാബു എന്ന ഒരാൾ ടെലിഫോൺ മുഖേന അറിയിച്ചതിനെ തുടർന്ന് ഫ്ളൈയിംഗ് സ്കാഡ് നംപർ 15 വാഹനത്തെ സംഭവസ്ഥലത്തേയ്ക്ക് അയച്ച് അപകടത്തിൽപ്പെട്ട ഗൗരീശപട്ടം തൈയ്ക്കാട് മൂളംപിൽ വീട്ടിൽ അബ്ദുൾ ബഷീർ മകൻ 21 വയസ് സുൾഫി എന്നയാളെ സംഭവസ്ഥലത്തുനിന്നും മെഡിക്കൽ കോളേജാശുപത്രി കാഷ്വാലിറ്റിയിൽ എത്തിക്കുകയും ടിയാൻ സഞ്ചരിച്ചിരുന്ന കെ.ഇ.റ്റി. 9544 നമ്പർ ലാംബി സ്കൂട്ടർ പോലീസ് കസ്റ്റഡിയിൽ എടുക്കുകയും ചെയ്തിട്ടുണ്ട്.

(എച്ച്) പരിക്കേറ്റ സ്കൂട്ടർ യാത്രക്കാരൻ പ്രഥമ ശുശ്രൂഷയ്ക്കുശേഷം ആശുപത്രി വിട്ടതായി അറിയുന്നു.

(ഐ) ഉണ്ട്. ഇപ്പോഴും കസ്റ്റഡിയിൽ ഇരിക്കുന്നു.

(ജെ) ഉണ്ട്. ട്രാഫിക് സ്റ്റേഷൻ ക്രൈം നംപർ 451/2000 ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് ട്രാഫിക് സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തി വരുന്നു.

(കെ)&(എൽ) സബ് ഇൻസ്പെക്ടർ റാങ്കിനു മുകളിലുള്ള ഉദ്യോഗസ്ഥരാണ് അന്വേഷിച്ചു വരുന്നത്. ഈ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തുന്നത്. ട്രാഫിക് പോലീസ് സർക്കിൾ ഇൻസ്പെക്ടറാണ്. അന്വേഷണം ഊർജ്ജിതമായി നടന്നു വരുന്നു.

പോലീസ് സംരക്ഷണം

(1490)ശ്രീ. കെ. സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൻമാർ, എം.എൽ.എ.ക്കാർ എന്നീ വിഭാഗത്തിൽ ഏതെല്ലാം വ്യക്തികൾക്ക് സംസ്ഥാനത്ത് പ്രത്യേകമായ പോലീസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതു തരത്തിലുള്ള സംരക്ഷണമാണ് ഇവർക്ക് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഇതിലേയ്ക്കായി കഴിഞ്ഞ മൂന്നു കൊല്ലമായി എത്ര രൂപ ചെലവാക്കിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി)താഴെപ്പറയുന്ന നേതാക്കൾക്ക് പ്രത്യേക പോലീസ് സംരക്ഷണം നൽകുന്നുണ്ട്.

1. ശ്രീ. പിണറായി വിജയൻ, എം.എൽ.എ., സി.പി.എം. സ്റ്റേറ്റ് സെക്രട്ടറി - ഇസഡ് കാറ്റഗറി.
2. ശ്രീ. കെ. കരുണാകരൻ, എം.പി. - വൈ കാറ്റഗറി
3. ശ്രീ. ടി.വി. അനന്തൻ, പ്രാന്ത് സംഘ് ചാലക് - വൈ കാറ്റഗറി
4. ശ്രീ. കെ. സുധാകരൻ, എം.എൽ.എ. - 'എക്സ് കാറ്റഗറി'
5. ശ്രീ. സി.കെ. പത്മനാഭൻ, ബി.ജെ.പി. സ്റ്റേറ്റ് പ്രസിഡന്റ് - 'എക്സ്' കാറ്റഗറി.
6. ശ്രീ. എ. കണാരൻ, എം.എൽ.എ - എക്സ് കാറ്റഗറി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, സി.പി.എം. സ്റ്റേറ്റ് സെക്രട്ടേറിയറ്റംഗം - 'സി' കാറ്റഗറി
8. ശ്രീ. വി.എസ്. അച്യുതാനന്ദൻ, എൽ.ഡി.എഫ് കൺവീനർ - 'സി' കാറ്റഗറി
9. ശ്രീ. എം.വി. രാഘവൻ (സി.എം.പി. നേതാവ്) പേഴ്സണൽ സെക്യൂരിറ്റി ഓഫീസർമാരെ നൽകിയിട്ടുണ്ട്.

കൂടാതെ പ്രാദേശിക സുരക്ഷാ ഭീഷണിയുടെ അടിസ്ഥാനത്തിൽ സർവ്വശ്രീ. ഇ.പി. ജയരാജൻ, എം.വി. ജയരാജൻ, പി. ജയരാജൻ, പി.കെ. കൃഷ്ണദാസ് എന്നിവർ കണ്ണൂർ ജില്ലയിൽ സഞ്ചരിക്കുമ്പോൾ 'എ' കാറ്റഗറി സംരക്ഷണം നൽകുന്നുണ്ട്. ശ്രീ. ഒ.കെ. വാസു മാസ്റ്റർ, ശ്രീ. പി. പി. കരുണാകരൻ മാസ്റ്റർ എന്നിവർക്ക് നൽകിയിരുന്ന പി.എസ്.ഒ. മാരെയും ശ്രീ. ജയരാജിന് (ദേശാഭിമാനി) കണ്ണൂർ യൂണിറ്റ് മാനേജർ, ദേശാഭിമാനി ഓഫീസിൽ നൽകിയിരുന്ന പോലീസ് സുരക്ഷാ ഗാർഡിനെയും തിരിച്ചയച്ചിട്ടുണ്ട്.

(സി) രാഷ്ട്രീയ നേതാക്കന്മാർക്ക് പോലീസ് ഉദ്യോഗസ്ഥന്മാർ സംരക്ഷണം നൽകുന്നത് അവരുടെ ഡ്യൂട്ടിയുടെ ഭാഗമാക്കിയാൽ അതിനായി വേണ്ടി വരുന്ന ചെലവ് പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

പബ്ലിക് സർവ്വീസ് കമ്മിഷൻ മുഖേന നിയമന ശുപാർശ

(1504)ശ്രീ. എ. കണാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്;

(ബി) വകുപ്പു തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 31.01.2000 വരെ ആകെ 74294 പേർക്ക് പബ്ലിക് സർവ്വീസ് കമ്മിഷൻ നിയമനശുപാർശ നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly